# പുത്തൻകലവും അരിവാളും അധികാരവും

അപ്പുമാസ്റ്റർ

ഇടശ്ശേരി മരിച്ചിട്ട് ഈ ഒക്ടോബർ 16ന്ന് ഏഴാണ്ടു തികയുകയാണ്. മരിച്ച ശേഷവും ജീവിക്കുക എന്നത് കവികളുടെ പ്രകൃതമാണ്. ചിലർ ജീവിക്കുമ്പോൾ വളരെ പ്രശംസയും ജനശ്രദ്ധയും പിടിച്ചു പറ്റുന്നു; ഈ പറ്റു വരവ് മരണം മുതൽ ചുരുങ്ങിവരും. മറ്റു ചിലർ അങ്ങനെയല്ല. ജീവകാലത്ത് അർഹിക്കുന്നതെല്ലാം അവർ നേടുന്നില്ല. മരിച്ച ശേഷം അവരുടെ പ്രസക്തി വളർന്നുകൊണ്ടിരിക്കും. അവർ ഒരു തരം വിചിത്ര ജീവികളാണെന്ന് വേണമെങ്കിൽ പറയാം. ഇടശ്ശേരി രണ്ടാമത്തെ തരത്തിൽ പെടുന്നു. ഇടശ്ശേരി മരിച്ചപ്പോൾ കൂട്ടനിലവിളിയും നെഞ്ഞത്തടിച്ച് പരക്കം പാച്ചിലും ഉണ്ടായില്ല. പക്ഷെ ജനങ്ങൾ കൂടുതലായി അദ്ദേഹത്തിന്റെ കവിതകളിൽ ആകൃഷ്ടരായി. കവികൾ തന്നെ ഇടശ്ശേരിയെക്കുറിച്ച് ധാരാളം കവിതകളെഴുതി. ജീവിച്ചിരിക്കെ ശക്തനായിരുന്ന കവി യശഃശരീരനായപ്പോൾ കവികളുടെ കവിയായി.

കൂട്ടുകൃഷിക്കു ശേഷം പുറത്തിറങ്ങിയ "പുത്തൻകലവും അരിവാളും" അദ്ദേഹത്തെ വിപ്ലവകവിയാക്കി. "പണിമുടക്ക"ത്തിന്റെ ഒന്നിച്ചും ഇടശ്ശേരിയുണ്ടായിരുന്നു. അദ്ദേഹം "ചകിരിക്കുഴികളുടെ" വേദനകൾ പാടി നടന്നു. ഇടശ്ശേരിയെ തങ്ങളുടെ ചേരിയിൽക്കിട്ടി എന്ന് രാഷ്ട്രീയക്കാരും പാടി. "പുത്തൻകലവും അരിവാളും" എടുത്ത് അവർ കോമരം തുള്ളി, "പൂതപ്പാട്ടും" "കാവിലെപ്പാട്ടും" അവർക്ക് രുചിച്ചില്ല. അദ്ദേഹത്തിന്റെ ചേരി അന്നും എന്നും ഇടച്ചേരിയായിരുന്നു. ഒരു പാർട്ടിയുടേയും പിന്നാലെ അദ്ദേഹം പോയില്ല.

"അധികാരം കൊയ്യണമാദ്യം നാം അതിനുമേലാകട്ടെ പൊന്നാര്യൻ" എന്ന് പാടിയപ്പോഴും അദ്ദേഹം ഒരു ഗാന്ധിയനായിരുന്നു. ശുദ്ധ ഗാന്ധിയൻ. "നമ്മളശ്ശിഷ്ടന്റെ പിൻമുറക്കാർ" ആയതിൽ അദ്ദേഹം അഭിമാനം കൊണ്ടിരുന്നു. ചോരപ്പുഴ ഒഴുക്കിയുള്ളതായിരുന്നില്ല അദ്ദേഹത്തിന്റെ അധികാരക്കൊയ്ത്ത്, മറ്റുള്ളവർ അങ്ങനെ വ്യാഖ്യാനിച്ചെങ്കിൽ അതിൽ അദ്ദേഹത്തിന്ന് പങ്കില്ല. "അധികാരം കൊയ്യണമാദ്യം നാം" എന്നതിലെ "നാം" ഇടശ്ശേരിയും ഉൾപ്പെട്ടതാണ്. പണിമുടക്കം എന്ന കവിതയിൽ

"കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ" എന്നതിലെ "നമ്മൾ" എന്നതും അധികമാരും പ്രയോഗിക്കാത്തതാണ്. അവശരുടെ ഒന്നിച്ച് ഒരു ശക്തിയായി അദ്ദേഹവും നിലകൊണ്ടു. ശക്തിയുടെ കവി എന്ന് ഇടശ്ശേരിയെ വിളിക്കാൻ തുടങ്ങിയത് വെറുതെയല്ല.

ചങ്ങമ്പുഴയുടെ വാഴക്കുലയ്ക്കും അതിലെ
ഇതിനൊക്ക പ്രതികാരം ചെയ്യാതടങ്ങുമോ?
പതിതരെ നിങ്ങൾതൻ പിൻമുറക്കാർ

എന്ന ഈരടിയ്ക്കും ഒരു കാലത്തുണ്ടായിരുന്ന മാർക്കറ്റ് പിൽക്കാലത്ത് ഇടിഞ്ഞുപോയി. പ്രതികാരം ചെയ്യാൻ പിൻമുറക്കാരെ ഏൽപ്പിച്ചതിന് അന്ന് ചങ്ങമ്പുഴയ്ക്ക് കേൾക്കേണ്ടിവന്ന തെറി കുറച്ചൊന്നുമല്ല. തെറി പറഞ്ഞവർ വെറുതെ പറഞ്ഞതല്ല. അവർ പിന്മുറക്കാരായിരുന്നു. പ്രതികാരം ചെയ്യാനൊരുമ്പെടാതെ അവർ ചങ്ങമ്പുഴയെ പ്രതിക്കൂട്ടിലാക്കാൻ പാടുപെട്ടു. അതുപോലെ വള്ളത്തോളെഴുതിയ മാപ്പിന്നും അതിലെ

"പാവങ്ങൾ ചത്തിടുകിലെന്ത് പിറക്കിലെന്തെൻ
പാഴ്‌വാക്കിതിന്നരുൾക മാപ്പ് മനീഷിമാരെ" എന്ന വരികൾക്കും പഴയ പുരോഗമനം ഇല്ലാതായതും ഇക്കാലത്തു തന്നെ. കവി മാപ്പ് പറഞ്ഞുവെന്ന് വിപ്ലവകാരികൾ ആക്രോശിച്ചു. ചങ്ങമ്പുഴയുടേയും വള്ളത്തോളിന്റേയും ഈ

പുത്തൻകലവും അരിവാളും അധികാരവും
അപ്പുമാസ്റ്റർ
(മാതൃഭൂമി വാരാന്തപ്പതിപ്പ് 1981 ഒക്ടോബർ 11 ഞായറാഴ്ച)



കവിതകൾക്ക് ശാപമോക്ഷം കിട്ടുവാൻ ഒരു അഖിലേന്ത്യാ സമ്മേളനം തന്നെ ചേരേണ്ടിവന്നു. “പാളിച്ചകൾ” തിരുത്തി; പഴഞ്ചനെന്ന് വിധിക്കപ്പെട്ട പല കൃതികൾക്കും വിപ്ലവകരമായ പുനർജ്ജന്മം നൽകി; മരിച്ചവരെ ജീവിപ്പിക്കാൻ കഴിഞ്ഞില്ല; അവർക്ക് രക്തസാക്ഷിത്വവും നൽകി. ഈ മലക്കംമറിച്ചിലിനെപ്പോലും അതിജീവിച്ച കവിതയാണ് ഇടശ്ശേരിയുടെ “പുത്തൻകലവും അരിവാളും”. പണിമുടക്കം എന്ന കവിതയ്ക്കും ഒരു പോറലും ഏൽക്കേണ്ടിവന്നിട്ടില്ല. ഇവയുടെ പുരോഗമനം പുനഃസ്ഥാപിക്കാൻ ഒരടിയന്തരവും വേണ്ടിവന്നിട്ടില്ല. ഇടശ്ശേരിയും ദുർബ്ബലവിഭാഗങ്ങളോടൊപ്പം നിന്ന് പൊരുതി. ‘നാം’ പ്രയോഗവും ‘നമ്മൾ’ എന്ന പ്രയോഗവും അതാണ് കാണിക്കുന്നത്. വയലാറിന്നും മറ്റു സ്മാരകമുണ്ടാക്കിയ നമ്മുടെ വിപ്ലവകാരികൾ എന്നിട്ടും എന്തേ ഇടശ്ശേരിയെ കയ്യൊഴിച്ചത്?

ഇക്കയർ പണിയും സോദരിമാരുടെ ദുഃഖം പാടി നടപ്പൂ ഞാൻ’ എന്ന് പാടുമ്പോൾ ഇടശ്ശേരി അവരിൽ നിന്ന് വരിസംഖ്യ പിരിച്ചായിരുന്നില്ല നാൾ കഴിച്ചത്. ഒരു പാർട്ടിയുടെ ലേബലിൽ അത് പാടാനും പോയില്ല. പാർട്ടികാർഡും അദ്ദേഹത്തിനു പ്രശ്നമായിരുന്നില്ല. പിന്നെയുണ്ടോ രാഷ്ട്രീയക്കാർ അദ്ദേഹത്തെ വാരിപ്പുണരുന്നു. അതുകൊണ്ടല്ലേ അവർ ഇടശ്ശേരിയെ രാജകീയകവിയാക്കാൻ മെനക്കെടാതിരുന്നത്. തങ്ങളുടെ മതത്തിൽ ചേരുന്നവർക്കു മാത്രമേ സ്വർഗ്ഗകവാടം തുറന്നുകിട്ടുകയുള്ളൂവെന്ന് ചില മതവിശ്വാസികൾ പറയുന്നു. സത്യവും ധർമ്മവും ഭക്തിയും എത്രയുണ്ടായിട്ടും കാര്യമില്ല. ചിലർ സലാം മടക്കുന്നതും പോലും തങ്ങളുടെ മതത്തിൽ ചേരാൻ സംഗതി വന്നാൽ ദൈവം അനുഗ്രഹിക്കട്ടെ! എന്നാണ്. ഇടശ്ശേരി മതം മാറുവാൻ തയ്യാറായില്ല. അദ്ദേഹം സത്യത്തിന്റെയും ധർമ്മത്തിന്റെയും പാതയിൽ ചരിച്ചു. അതുകൊണ്ടദ്ദേഹം ജനകീയകവി മാത്രമേ ആയുള്ളൂ. രാജകീയ കവി ആയില്ല.

പാർട്ടിമേധാവിത്വം

എഴുത്തുകാരേയും ചിന്തകരേയും ഉയർത്തുന്നതിലും താഴ്ത്തുന്നതിലും എക്കാലത്തും ഭരണവർഗത്തിന്റേയും മേലാളന്മാരുടേയും ഇഷ്ടാനിഷ്ടങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട. അവരുടെ വക്താക്കളാവാതിരുന്നപ്പോഴെല്ലാം എഴുത്തുകാരേയും ചിന്തകരേയും താഴ്ത്തിക്കെട്ടിയിരുന്നു. ബ്രാഹ്മണമേധാവിത്വം, സവർണ്ണമേധാവിത്വവും, സംസ്കൃതമേധാവിത്വവും ആയിരുന്നു. ഭരണവർഗത്തിന്റെ ഇഷ്ടത്തിനും മതത്തിന്നും എതിർനിന്ന ചാർവ്വാകന്നും ഗലീലിയോവിന്നും രക്ഷയുണ്ടായിരുന്നില്ല. ബ്രിട്ടീഷ് ഭരണകാലത്ത് ഇംഗ്ലീഷ് പ്രേമവും രാജഭക്തിയും ആയിരുന്നു അവർക്കാവശ്യം. ഭരണക്കാരുടെ ആ കൊടികുത്തിവാഴ്ച അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. ജനാധിപത്യവും ഇടതുപക്ഷവും ഈ രംഗത്ത് ഒട്ടും മാറ്റം വരുത്തിയിട്ടില്ല. അന്നത്തെ ഒരു രാജാവിന്നു പകരം ഇന്ന് അനവധി രാജാക്കന്മാരുണ്ട്. അവർ പാർട്ടി നേതാക്കന്മാരാണെന്നു മാത്രം. അവർക്ക് സൃഷ്ടികൾ പുരോഗമനപരമാവുന്നതുപോലും പ്രശ്നമല്ല. കൃതി നല്ലതെന്നു പറയണമെങ്കിൽ അവരുടെ പാർട്ടിയിൽ ചേർന്നാൽ മതി. ധനസഹായം വേണമെങ്കിലും പാർട്ടിക്കാരനാവണം. എന്തിനേറെ അവാർഡോ സ്മാരകമോ വേണോ? അവരുടെ പാർട്ടിയിൽ ചേരണം. ഇല്ലെങ്കിൽ കുഴലൂത്തെങ്കിലും നടത്തണം. അപ്പപ്പോൾ കുട്ടുപിടിക്കുന്ന പാർട്ടികൾക്കുവേണ്ടിയും മാറിക്കൊണ്ടിരിക്കുന്ന നയപരിപാടികൾക്ക് വേണ്ടിയും വാദിക്കണം. പത്ത് വോട്ട് കിട്ടുമെന്നുകണ്ടാൽ ഭക്തകവികളെ വിപ്ലവക്കവികളാക്കുന്ന പണിയും അടുത്ത കാലത്ത് തുടങ്ങിയിട്ടുണ്ട്. ഒരിക്കൽ പാർട്ടിയിൽ ചേർന്ന ശേഷം വിട്ടുനിന്നവരുടെ സ്ഥിതിപോലും ദയനീയമാണ്. അവരെ തേജോവധം ചെയ്യാനുള്ള കരുക്കൾ മുൻകൂട്ടിത്തന്നെ ഒരുക്കിവെച്ചിരിക്കുകയാണ്. അയാൾ സി.ഐ.എ. ഏജന്റായിരുന്നു. ബൂർഷ്വാചിന്തകനായിരുന്നു. അങ്ങനെ പലതും. ഈ സ്ഥിതിയിൽ ഇതിലൊന്നും പെടാത്ത ഇടശ്ശേരിയെ ഗൗനിക്കാത്തതിൽ അത്ഭുതപ്പെടേണ്ടതില്ല.

## വയലാർ

ഇടശ്ശേരിയുടെ കാലഘട്ടത്തിൽ തന്നെ ജീവിക്കുകയും മരിക്കുകയും

ചെയ്ത കവിയാണല്ലോ വയലാർ. അദ്ദേഹം പുരോഗമനപരമായ കവിതകളും മാംസഗന്ധിയായ കവിതകളും എഴുതിയിട്ടുണ്ട്.

മതി-നിൻപൂ ജാക്രമം
സംസ്കാരബോധം – നീളെ–
കൈകോർത്തു നടക്കട്ടെ.

എന്നദ്ദേഹം പാടിയത് ചതി ഇവിടെ വിജയിക്കട്ടെ എന്ന ആഗ്രഹം കൊണ്ടല്ല. ഇത് മനസ്സിലാക്കാൻ രാഷ്ട്രീയമല്ല, സഹൃദയത്വമാണ് വേണ്ടത്. ഈ സ്വാതന്ത്ര്യം വള്ളത്തോളിനും ചങ്ങമ്പുഴക്കും അനുവദിക്കാൻ നേരത്ത് പാർട്ടി വിലക്കുണ്ടായി. വയലാറിന്റെ പാദമുദ്രകൾ എന്ന കവിതതന്നെ ഗാന്ധിജിയെ പുകഴ്ത്തുന്നതാണ്.

പതപതയും കള്ളിന്റെ മദമൊഴുകും പെണ്ണിന്റെ മദലഹരിയിൽ മത്താടിയ സർക്കാരിൻ നീതികളെ അദ്ദേഹം 'തെലുങ്കാനയിലെ അമ്മ'യിലൂടെ എതിർത്തിട്ടുണ്ട്. മനുഷ്യപുത്രന്ന് തലചായ്ക്കാൻ ഇടമില്ലാത്തത് ഓർത്ത് അദ്ദേഹം കരഞ്ഞിട്ടുണ്ട്. കൊടുങ്ങല്ലൂരമ്മയേയും അയ്യപ്പനേയും അദ്ദേഹം സ്തുതിച്ചിട്ടുണ്ട്. 'ശരണമയ്യപ്പാ' എന്ന അദ്ദേഹത്തിന്റെ ഗാനം ഉണ്ടാക്കുന്ന ഭക്തിരസം ഭക്തകവികൾക്കുപോലും സൃഷ്ടിക്കാൻ കഴിയാത്തതാണ്. അദ്ദേഹത്തിന്റെ സിനിമാഗാനങ്ങളിൽ ദേശീയ ബോധവും വിപ്ലവവീര്യവും ഉണ്ടാക്കുന്ന കവിതകളുണ്ട്. 'കണ്ണിനും കണ്ണാടിക്കും കാണാത്തിടത്തെ മറുക് അദ്ദേഹം സ്വപ്നം കണ്ടിട്ടുണ്ട്. 'തങ്കഭസ്മക്കുറിയിട്ട തമ്പുരാട്ടിയുടെ തിരുവിലാമലയിൽ നേദിച്ചുകൊണ്ടുവരുന്ന ഇളനീർക്കുടം ഉടയ്ക്കുന്നതിന്ന് അദ്ദേഹം ആവേശം കാണിച്ചിട്ടുണ്ട്. നമ്മുടെ വിപ്ലവകവികളും ഇതാസ്വദിച്ചുകാണും. വൈലോപ്പിള്ളിയുടെ 'മാമ്പഴ'വും ജിയുടെ 'ഇന്ന് ഞാൻ നാളെ നീ'യും അവർക്കാസ്വദിക്കാൻ കഴിഞ്ഞിട്ടുണ്ടാവണമെന്നില്ല. എന്തുചെയ്യുന്നതിനും വയലാറിന്ന് തത്വശാസ്ത്രം പ്രതിബന്ധമായിട്ടില്ല. സിനിമയിൽ തൊഴിലാളി പാടുന്ന പ്രേമഗാനത്തിൽ അദ്ദേഹം വിപ്ലവവീര്യം കുത്തിനിറച്ചിട്ടില്ല. മുതലാളിയുടെ പ്രേമത്തിൽ ബുർഷ്വാചിന്തയും കണ്ടെന്നു വരില്ല. മറ്റുള്ളവരുടെ കാര്യത്തിൽ ഈ അവകാശം വകവെച്ച് കൊടുക്കുവാൻ പാർട്ടിക്കാർ തയ്യാറല്ല. ഒരു വിപ്ലവ കവി ശക്തമായ ഭക്തിഗാനങ്ങളും പ്രേമഗാനങ്ങളും എഴുതിയിരിക്കുന്നു. ഇതു തന്നെയാണ് പി.ഭാസ്കരനും ടി.എസ്. തിരുമുമ്പും മറ്റും ചെയ്തത്. അവർക്കൊന്നുമില്ലാത്ത ഈ സ്വാതന്ത്ര്യം വയലാറിന്നുമാത്രം എങ്ങനെ ചാർത്തിക്കൊടുത്തു? എന്താണിതിന്ന് കാരണം? അതാണ് പാർട്ടി ബന്ധത്തിന്റെ ഗുണം. അങ്ങനെ വയലാർ രാമവർമ്മ രാജകീയ കവിയായി. വയലാറിപ്പോൾ ഏറിയ കൂറും വാഴുന്നത് വയലാർ അവാർഡിലൂടെയാണ്. ഇടശ്ശേരിയും വയലാറും തമ്മിലുള്ള വ്യത്യാസം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. 25,000ക. അവാർഡ് കൊടുക്കാനും ലക്ഷം തന്നെ ചെലവാക്കി.

എന്നാൽ സർക്കാരിന്റെ കവിയല്ലാത്ത ഇടശ്ശേരിയുടെ കഥയോ? കേരളത്തിന്റെ മണ്ണിൽ എവിടെയെങ്കിലും അദ്ദേഹത്തിന് സ്മാരകമുണ്ടായോ? അവാർഡുണ്ടായോ? പൊന്നാനിയിലെ സാധാരണക്കാർ അദ്ദേഹത്തിന്നൊരു സ്മാരകം ഉണ്ടാക്കണമെന്നാശിച്ചു. സർക്കാറുദ്യോഗസ്ഥന്മാരെ വിട്ട് പിരിവെടുത്തിട്ടല്ല. സാധാരണക്കാരുടെ ചില്ലറത്തുട്ടുകൾ സംഭരിച്ചുകൊണ്ട് പൊന്നാനി എ.വി. ഹൈസ്ക്കൂളിന്റെ മുമ്പിൽ അവരൊരു തറകെട്ടി. ഇന്നത് പുല്ല്പിടിച്ചു കിടക്കുകയാണ്. കരഞ്ഞ് കരഞ്ഞ് അവസാനം നാല് വോട്ടിന്നുള്ള സംഖ്യയാണ് സർക്കാരിൽനിന്നനുവദിച്ചത്. ഗാന്ധിജിയെപ്പോലും കയ്യൊഴിച്ച ഗാന്ധിസ്റ്റുകൾ ഇടശ്ശേരിയെ ശ്രദ്ധിക്കുമെന്ന് വിചാരിക്കാൻ വയ്യ. അദ്ദേഹത്തിന്റെ 'പുത്തൻ കലവും അരിവാളും' എടുത്ത് മുതലെടുപ്പ് നടത്തിയവരും എന്തേ അദ്ദേഹത്തെ കയ്യൊഴിക്കാൻ? നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന് എല്ലാവരെക്കൊണ്ടും പറയിച്ച ഭാസിയും അതിന്നുവേണ്ടി വിയർപ്പൊഴുക്കിയ സുലോചനയും സുധർമ്മയും അടക്കം പലരും കറിവേപ്പിലയായി. 'സ്വതന്ത്രഭാരതനൂതനചരിതം സ്വന്തം ചോരയിലെഴുതുന്നവരേ' എന്ന് പാടിയ കെ.പി.ജി.യുടെ ഗതിയും നാം കണ്ടു. പിന്നെ എന്ത് ഇടശ്ശേരി! അധികാരം കൊയ്യാൻ കിട്ടിയ

വർ മറന്നു. അല്പം കൊയ്തപ്പോഴുള്ള സ്ഥിതിയാണിത്. അപ്പോൾ കൊയ്ത്തു മുഴുവൻ കഴിഞ്ഞാൽ എന്താവും സ്ഥിതി? ലിയൂഷാവോചിമാരേയും പാസ്റ്റർനാക്ക്മാരേയും ഇവർ എത്ര സൃഷ്ടിക്കും? വായിച്ചുകേട്ടു, ശരി എന്ന് ഒപ്പുവെക്കാൻ തയ്യാറല്ലാത്തവരെല്ലാം ഇവിടെ എത്തും. ലെച്ച്വലേസമാരുടെ ഘട്ടംവരെ അതു പോവില്ല. അവർ വളരുന്നതിന്നും പടരുന്നതിന്നും ഒപ്പം ഇടശ്ശേരിയുടെ സ്മാരകവും വളരും, പടരും. പാർട്ടിക്കാരല്ലാത്തവരായാലും എല്ലാ നല്ല മനുഷ്യർക്കും അന്നിവിടെ സ്മാരകങ്ങളുണ്ടാവും. ചരിത്രം ആവർത്തിക്കുമെന്നല്ലേ വചനം.

(മാതൃഭൂമി വാരാന്തപ്പതിപ്പ് 1981 ഒക്ടോബർ 11 ഞായറാഴ്ച)